2024
JULY
09
TUESDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY

www.societytodaynews.com
E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## സിമൻറ് വില കുറയുന്നു



**കൊച്ചി:** കേരളത്തിൽ സിമൻറ് വിലയിൽ കുറവ്. റീട്ടെയ്ൽ മാർക്കറ്റിൽ പായ്ക്കറ്റിന് (ചാക്ക്) 30 രൂപ മുതൽ 50 രൂപ വരെയാണ് കഴിഞ്ഞ രണ്ടാഴ്ചയായി കുറവ് വന്നിരിക്കുന്നത്. കഴിഞ്ഞ ഒക്റ്റോബറിൽ വില കുതിച്ച സിമൻറിന് ഇപ്പോഴാണ് വിലയിടിവുണ്ടായിരിക്കുന്നത്. കഴിഞ്ഞ ആറ് മാസത്തിനിടയിൽ വിലയിൽ പായ്ക്കറ്റിന് 60 രൂപയോളം ഉയർന്നിരുന്നു.

പ്രാദേശിക മാർക്കറ്റുകളിൽ എസിസി സിമൻറിൻറെ ഇപ്പോഴത്തെ വില നികുതിയുൾപ്പടെ 350 രൂപയോളം വരും. നേരത്തെ ഇത് 410 രൂപ വരെ ഉയർന്നിരുന്നു. ചെട്ടിനാട് സിമൻറിന് നാൽപത് രൂപയോളമാണ് കുറഞ്ഞിട്ടുള്ളത്. നിലവിൽ ടാക്സ് ഉൾപ്പടെ 325 രൂപയാണ് നിരക്ക്. മറ്റു ബ്രാൻഡുകളുടെ വിലയിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്.

ജൂൺ മാസം മുതലുള്ള മഴക്കാലമാണ് കേരളത്തിൽ സിമൻറ് കമ്പനികളെ പ്രതിസന്ധിയിലാക്കുന്നത്. കെട്ടിട നിർമാണ പ്രവർത്തനങ്ങളാകട്ടെ മന്ദഗതിയിലുമാണ്. സർക്കാർ പദ്ധതികൾക്ക് കീഴിലുള്ള നിർമാണ ജോലികളും ഇപ്പോൾ നടക്കുന്നില്ല. കെട്ടിടങ്ങളുടെ സ്ട്രക്ച്ചർ നിർമാണത്തിനാണ് സിമൻറ് കൂടുതലായി ആവശ്യം വരുന്നത്. മഴ കാരണം പുതിയ നിർമാണം ആരും തുടങ്ങുന്നില്ല. ഇടിവ് വരുന്നത് സിമൻറ്, ക്രഷർ ഉത്പന്നങ്ങൾക്കാണ്. വില കുറയ്ക്കാൻ നിർമാണ കമ്പനികളെ നിർബന്ധിക്കുന്ന പ്രധാന ഘടകവും ഇതു തന്നെയാണ്. വിലക്കുറവിലൂടെ വിൽപ്പനക്കുറവ് അതിജീവിക്കാമെന്നും വ്യാപാരികൾ പ്രതീക്ഷിക്കുന്നു.

സിമൻറ് വിലയിലെ കുറവ് നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് ആശ്വാസമാണ്. കെട്ടിടങ്ങളുടെ ഉൾവശങ്ങളിലുള്ള ജോലികൾക്ക് ഈ അവസരം ഗുണകരമാകും. പ്ലാസ്റ്ററിങ്, സിമൻറ് ഉപയോഗിച്ചുള്ള ടൈൽ വർക്ക് എന്നിവയിൽ ഈ അവസരം സാമ്പത്തിക നേട്ടമുണ്ടാക്കും. നൂറുകണക്കിന് ചാക്ക് സിമൻറ് ആവശ്യമുള്ള പ്ലാസ്റ്ററിങ് ജോലികൾ മഴക്കാലത്തും ചെയ്യാനാകും. ഇതുവഴി ആയിരങ്ങൾ ഉപയോക്താവിന് ലാഭിക്കാം. നിർമാണ ജോലികൾ കരാറെടുത്തവർക്കും ഇത് നല്ല കാലമാകും.

ഓഫ് സീസൺ മൂലമുണ്ടായ വിലക്കുറവ് അധികനാൾ നീണ്ടു നിൽക്കണമെന്നില്ല. ഓണം കഴിയുന്നതോടെ വിലയിൽ വർധനവിനും സാധ്യതയുണ്ട്. മഴ മാറി നിർമാണ മേഖല വീണ്ടും സജീവമായാൽ വില കൂടാനുള്ള സാധ്യത തള്ളിക്കയനാകില്ല. സർക്കാർ പദ്ധതികളും സജീവമാകും. ഡീലർമാർ സ്റ്റോക്കെടുപ്പ് കൂട്ടുന്നതോടെ വർധിച്ചുവരുന്ന ഡിമാൻഡ് മുന്നിൽ കണ്ട് വില വർധിക്കാൻ ഇടയുണ്ട്.

## ജമ്മു കശ്മീരിൽ വീണ്ടും ഭീകരാക്രമണം; അഞ്ചു സൈനികർക്ക് വീരമൃത്യു

**ശ്രീനഗർ:** ജമ്മു കശ്മീരിലെ കത്വ ജില്ലയിലുണ്ടായ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച സൈനികരുടെ എണ്ണം അഞ്ചായി. പരുക്കേറ്റ് ചികിത്സയിലിരുന്ന ഒരാൾ കൂടി വീരമൃത്യു വരിച്ചു. തിങ്കളാഴ്ച ഉച്ചയ്ക്ക് സൈന്യത്തിന്റെ പട്രോളിങ് വാഹനവ്യൂഹത്തിനു നേരെ ഭീകരർ ആക്രമണം നടത്തുകയായിരുന്നു. കത്വയിലെ മച്ചേഡി കിണ്ട് മൽഹാർ റോഡിലായിരുന്നു ആക്രമണം. പരുക്കേറ്റ അഞ്ചു സൈനികർ ആശുപത്രിയിൽ ചികിത്സയിലാണ്.



വാഹനവ്യൂഹത്തിനുനേരെ ഗ്രനേഡ് എറിഞ്ഞശേഷം ഭീകരർ വെടിയുതിർക്കുകയായിരുന്നു. സൈന്യം തിരിച്ചടിച്ചതോടെ ഭീകരർ വനത്തിനുള്ളിൽ മറഞ്ഞു.

ഭീകരർക്കായി തിരച്ചിൽ തുടരുകയാണെന്ന് സൈനികവൃത്തങ്ങൾ അറിയിച്ചു. രണ്ടു ദിവസത്തിനിടെ ജമ്മു മേഖലയിൽ നടക്കുന്ന രണ്ടാമത്തെ ഭീകരാക്രമണമാണിത്. ഞായറാഴ്ച രജൗറിയിലുണ്ടായ ആക്രമണത്തിന് ഒരു സൈനികന് പരിക്കേറ്റിരുന്നു.

പഞ്ചാബിന്റെ പത്താൻകോട്ട് ജില്ലയുമായി അതിർത്തി പങ്കുവയ്ക്കുന്ന ജില്ലയാണ് കത്വ. 6 ഭീകരരെയാണ് 48 മണിക്കൂറിനിടെ സൈന്യം കൊന്നത്.

## റഷ്യൻ സൈന്യത്തിലേക്ക് റിക്രൂട്ട് ചെയ്ത ഇന്ത്യക്കാരെ വിട്ടയയ്ക്കും

**മോസ്കോ:** റഷ്യൻ സൈന്യത്തിലേക്ക് അനധികൃതമായി റിക്രൂട്ട് ചെയ്യപ്പെട്ട ഇന്ത്യക്കാരെ വിട്ടയയ്ക്കാൻ തീരുമാനം. പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുട്ടിനുമായി നടത്തിയ ചർച്ചയിലാണ് തീരുമാനമെന്ന് വിദേശകാര്യ മന്ത്രാലയ വൃത്തങ്ങൾ അറിയിച്ചു. തിങ്കളാഴ്ച പുട്ടിനൊപ്പം അത്താഴവിരുന്നിൽ പങ്കെടുക്കുമ്പോഴാണ് മോദി ഇക്കാര്യം ധരിപ്പിച്ചത്. തുടർന്ന് ഇവരെ സൈന്യത്തിൽനിന്ന് വിട്ടയയ്ക്കാനും നാട്ടിലേക്ക് തിരിച്ചയയ്ക്കാനുമുള്ള നടപടികൾ കൈക്കൊള്ളാമെന്ന് പുട്ടിൻ അറിയിക്കുകയായിരുന്നു.

യുക്രെയ്നെതിരായ യുദ്ധത്തിൽ റഷ്യൻ സൈന്യത്തിന്റെ ഭാഗമാകേണ്ടിവന്ന 2 ഇന്ത്യക്കാർ മരിച്ചിരുന്നു. ഒട്ടേറെപ്പേർ യുദ്ധമുഖത്ത് കുടുങ്ങിക്കിടക്കുന്നുമുണ്ട്. ഇരുപതിലേറെ ഇന്ത്യക്കാരാണ് ഏജന്റുമാരുടെ തട്ടിപ്പിനിരയായി റഷ്യയുടെ യുദ്ധമുഖത്തെത്തിപ്പെട്ടത്. മലയാളികളും ഇതിൽ ഉൾപ്പെടുന്നു. റഷ്യൻ സന്ദർശനത്തിന്റെ രണ്ടാം ദിവസമായ ഇന്ന് പുട്ടിനുമായി മോദി ഉഭയകക്ഷി ചർച്ച നടത്തും. 22മത് ഇന്ത്യ റഷ്യ വാർഷിക ഉച്ചകോടിയിലും ഇരുനേതാക്കളും പങ്കെടുക്കും. റഷ്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ ഓഡർ ഓഫ് സെന്റ് ആൻഡ്രൂ പുരസ്കാരം പ്രധാനമന്ത്രി ഏറ്റുവാങ്ങും. 2019ൽ പ്രഖ്യാപിച്ച പുരസ്കാരമാണിത്.



റഷ്യയിലെ ഇന്ത്യൻ സമൂഹത്തിന്റെ പ്രതിനിധികളുമായി മോദി ഇന്ന് പ്രത്യേക കൂടിക്കാഴ്ച നടത്തും. തിങ്കളാഴ്ച രാവിലെയാണ് പ്രധാനമന്ത്രി മോസ്കോയിലെത്തിയത്. മോസ്കോ വിമാനത്താവളത്തിൽ റഷ്യയുടെ പ്രഥമ ഉപപ്രധാനമന്ത്രി ഡെനിസ് മെന്റുറോവ് മോദിയെ സ്വീകരിച്ചു. ചൈനീസ് പ്രസിഡന്റ് ഷി ചിൻപിങ്ങിന്റെ റഷ്യ സന്ദർശനവേളയിൽ ഡപ്യൂട്ടി പ്രധാനമന്ത്രിയാണ് അദ്ദേഹത്തെ സ്വീകരിക്കാനെത്തിയിരുന്നത്. അതിനേക്കാൾ ഉയർന്ന റാങ്കിലുള്ളയാളെ മോദിയെ സ്വീകരിക്കാൻ റഷ്യ നിയോഗിച്ചത് ശ്രദ്ധേയമായി.

## കുതിപ്പോടെ ഇന്ത്യൻ വാഹന വിപണി

**കൊച്ചി:** കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇന്ത്യൻ വാഹന വിപണിയുടെ വിപണി മൂല്യം 19 ശതമാനം വളർച്ചയോടെ പത്ത് ലക്ഷം കോടി രൂപ കവിഞ്ഞു. പ്രമുഖ ഓട്ടൊമൊബൈൽ ഗവേഷണ ഏജൻസിയായ പ്രൈമൂസ് പാർട്ട്ണേഴ്സിൻറെ റിപ്പോർട്ടനുസരിച്ച് ഇന്ത്യൻ വാഹന വിപണിയുടെ മൂല്യം മാർച്ച് വരെയുള്ള കാലയളവിൽ 10.25 ലക്ഷം കോടി രൂപയിലെത്തി. ഇതോടൊപ്പം വാഹന ഉത്പാദനത്തിലും മികച്ച വളർച്ചയോടെ ആഗോള വാഹന ഹബ്ബായി ഇന്ത്യ മാറുകയാണ്, ഇതോടെ ഒരു വർഷം രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളുടെ എണ്ണത്തിൽ അമെരിക്ക, ചൈന എന്നീ രാജ്യങ്ങൾക്ക് കഴിഞ്ഞാൽ മൂന്നാമത്തെ ആഗോള വാഹന ഉത്പാദകരായി ഇന്ത്യ മാറി. ഉത്പാദനത്തിൽ മൂന്നാം സ്ഥാനത്താണെങ്കിലും വിപണി മൂല്യത്തിൽ ജപ്പാൻ, ജർമനി എന്നിവയ്ക്ക് പിന്നിലായി ഇന്ത്യ അഞ്ചാം സ്ഥാനത്താണ്. അതേസമയം ലോകത്തിലെ മറ്റ് പ്രധാന വിപണികളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിലെ ശരാശരി വാഹന വില വളരെ കുറവാണെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.



പുതിയ മോഡലുകളുടെ വരവും സാങ്കേതിക വിദ്യയിൽ നടത്തുന്ന അധിക നിക്ഷേപവും ഉൾപ്പെടെയുള്ള ഘടകങ്ങളാണ് ഇന്ത്യൻ വാഹന വിപണിക്ക് കരുത്ത് പകരുന്നത്. ഇരുചക്ര വിപണിയിലെ മൂല്യത്തിൽ ഇന്ത്യയാണ് ആഗോളതലത്തിൽ മുൻ നിരയിൽ. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രണ്ട് ലക്ഷം യൂണിറ്റ് ഇരുചക്ര വാഹനങ്ങളാണ് ഇന്ത്യൻ കമ്പനികൾ നിർമിച്ചത്. രാജ്യത്തെ മൊത്തം വാഹന വിപണിയിൽ 76 ശതമാനം ഇരുചക്ര വാഹനങ്ങൾക്കാണ്. മൂല്യം പക്ഷേ 18 ശതമാനം മാത്രമാണ്.

സ്പോർട്സ് യൂട്ടിലിറ്റി വാഹനങ്ങൾ (എസ്‌യുവി), യൂട്ടിലിറ്റി വാഹനങ്ങൾ (യുവി) എന്നിവയുടെ വിൽപ്പന ഇന്ത്യയിൽ കുതിച്ചുയരുകയാണെന്നും റിപ്പോർട്ടിൽ പറയുന്നു.

അഡ്മിഷൻ തുടരുന്നു...

2024–2025
Integrated
MBA
MCA
(5 years)
Qualification: Plus Two
OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com



പി സി ജേക്കബ്ബ്, അഡ്വ. എ ജെ റിയാസ്, സി എസ് അജ്മൽ

# കെവിവിഇഎസ്: പി സി ജേക്കബ്ബ് പ്രസിഡന്റ്, അഡ്വ. എ ജെ റിയാസ് ജനറൽ സെക്രട്ടറി

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെവിവിഇഎസ്) എറണാകുളം ജില്ലാ പ്രസിഡന്റായി പി സി ജേക്കബ്ബ്, ജനറൽ സെക്രട്ടറിയായി അഡ്വ.എ ജി റിയാസ്. ട്രഷററായി സി എസ് അജ്മൽ എന്നിവരെ വീണ്ടും തിരഞ്ഞെടുത്തു. സീനിയർ വൈസ് പ്രസിഡന്റ് ജിമ്മി ചക്യത്തിനെ വർക്കിംഗ് പ്രസിഡന്റായി ജില്ലാ പ്രസിഡന്റ് നോമിറ്റ് ചെയ്തു.പറവൂരിൽ ചേർന്ന ഏകോപന സമിതിയുടെ വാർഷിക പൊതുയോഗമാണ് ഭാരവാഹികളെ ഏകകണ്ഠമായി തിരഞ്ഞെടുത്തത്.

എം സി പോൾസൺ, ഇ എം ജോണി, ഡിലൈറ്റ് പോൾ, എം കെ രാധാകൃഷ്ണൻ, എൻ പി അബ്ദുൾ റസാഖ്, കെ ടി ജോണി, കെ ഗോപാലൻ, പി എ കബീർ, ഇ കെ സേവ്യർ, ജോസ് വർഗ്ഗീസ്, സി ജി ബാബു, ജോസ് കുര്യാക്കോസ്, സിജു സെബാസ്റ്റിയൻ എന്നിവരാണ് വൈസ് പ്രസിഡന്റുമാർ. എം പദ്മനാഭൻ നായർ, അസീസ് മൂലയിൽ, പോൾ ലൂയിസ്, കെ എ ജോസഫ്, പി വി പ്രകാശൻ, എഡ്വേവേർഡ് ഫോസ്റ്റസ്, പോൾ ജെ മാമ്പിള്ളി, എൻ വി പോളച്ചൻ, ടി പി ഹസൈനാർ, ടി പി റോയ്, കെ ടി ജോയ്, കെ എസ് നിഷാദ്, സി എസ് രാമചന്ദ്രൻ എന്നിവരെ സെക്രട്ടറിമാരായും തിരഞ്ഞെടുത്തു.

ഷാജഹാൻ അബ്ദുൾ ഖാദർ, ഇ പി സുനിൽകുമാർ, റെജി കെ പോൾ, ജിജി ഏലൂർ, എം കെ മധു, കെ എ സാലി, വി കെ ജോയി, ജോസ് നെറ്റിക്കാടൻ, സി വി മോൻസി, സുബൈദ നാസർ, പ്രമോദ് ബാലകൃഷ്ണൻ, തോമസ് വർഗ്ഗീസ്, കെ എൽ ഷാറ്റോ, പി കെ പുന്നൻ, സി വി രാജു, സി ഐ സാദിഖ്, കെ എ നാദിർഷ, ജോബി, ജോർജ്ജ് തോട്ടത്തിൽ,സാബു പോൾ, ബേബി മാത്യു എന്നിവരാണ് സെക്രട്ടറിയേറ്റ് അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടത്. 156 അംഗ കമ്മിറ്റിയെയാണ് തിരിഞ്ഞെടുത്തിരിക്കുന്നത്. സംസ്ഥാന സെക്രട്ടറി വി എം ലത്തീഫ് തിരഞ്ഞെടുപ്പ് നടപടികൾക്ക് നേതൃത്വം നൽകി.

ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര സമ്മേളനം ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് പി സി ജേക്കബ്ബ് അധ്യക്ഷത വഹിച്ചു.സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് കുഞ്ഞാവു ഹാജി, ജനറൽ സെക്രട്ടറി ദേവസ്യ മേച്ചേരി, വൈസ് പ്രസിഡന്റുമാരായ തോമസ്കുട്ടി, എ ജെ ഷാജഹാൻ, കെ വി അബ്ദുൽ ഹമീദ്, കെ അഹമ്മദ് ഷെരീഫ്, ട്രഷറർ എസ് ദേവരാജൻ, സെക്രട്ടറിമാരായ സണ്ണി പൈമ്പള്ളിൽ, പി കെ ബാബു ഹാജി. സെക്രട്ടറിയേറ്റംഗ് അംഗം അഡ്വ. എ ജെ റിയാസ്, വനിതാ വിംഗ് സംസ്ഥാന പ്രസിഡന്റ് സുബൈദ നാസർ തുടങ്ങിയവർ സംസാരിച്ചു.

# കുസാറ്റ്: എം.എസ്.സി മറൈൻ ബയോളജി, എം.എസ്.സി മറൈൻ ജീനോമിക്സ് പ്രോഗ്രാമുകളിൽ മൂന്നാം ഘട്ട സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ മറൈൻ ബയോളജി, മൈക്രോബയോളജി & ബയോകെമിസ്ട്രി വകുപ്പിൽ എം.എസ്.സി മറൈൻ ബയോളജി, എം.എസ്.സി മറൈൻ ജീനോമിക്സ് പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ജൂലൈ 11 ന് മൂന്നാം ഘട്ട സ്പോട്ട് അഡ്മിഷൻ നടത്തുന്നു. എം.എസ്.സി മറൈൻ ബയോളജിയിൽ 2 സീറ്റുകളും എം.എസ്.സി മറൈൻ ജീനോമിക്സിൽ 5 സീറ്റുകളുമാണ് ഒഴിവ്. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 10.30 ന് കുസാറ്റ് ലേക്ക്സൈഡ് ക്യാമ്പസിൽ മറൈൻ ബയോളജി, മൈക്രോബയോളജി & ബയോകെമിസ്ട്രി വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 8547735584, 9946099408 എന്ന നമ്പറുകളിൽ ബന്ധപ്പെടുക.

# എം.എസ്.സി ഫിസിക്സിൽ രണ്ടാം ഘട്ട സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഫിസിക്സ് വകുപ്പിൽ എം.എസ്.സി ഫിസിക്സ് പ്രോഗ്രാമിൽ ഒഴിവുള്ള 4 സീറ്റുകളിലേക്കായി ജൂലൈ 11 ന് രണ്ടാം ഘട്ട സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 11.00 ന് ഫിസിക്സ് വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 04842577404, 04842862441 എന്ന നമ്പറുകളിൽ ബന്ധപ്പെടുക.



കോൺട്രാക്ട് കാര്യേജ് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ (സിസിഒഎ) പ്രഥമ സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി കൊച്ചിയിൽ വിളിച്ചു ചേർത്ത വാർത്താ സമ്മേളനത്തിൽ അസ്സോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ബിനു ജോൺ സംസാരിക്കുന്നു. എറണാകുളം ജില്ലാ പ്രസിഡന്റ് എ ജെ റിജാസ്, സംസ്ഥാന ജനറൽ സെക്രട്ടറി എസ് പ്രശാന്തൻ, ട്രഷറർ ഐ സി ഐവർ എന്നിവർ സമീപം

# കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ യൂണിഫോം കളർകോഡ് നിലനിർത്തണം: സിസിഒഎ

## കോൺട്രാക്ട് കാര്യേജ് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ (സിസിഒഎ) പ്രഥമ സംസ്ഥാന സമ്മേളനം ഇന്നുമുതൽ കൊച്ചിയിൽ

**കൊച്ചി:** കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന യൂണിഫോം കളർകോഡ് സംവിധാനം നിലനിർത്തണമെന്ന് കോൺട്രാക്ട് കാര്യേജ് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ (സിസിഒഎ) പ്രസിഡന്റ് ബിനു ജോൺ, ജനറൽ സെക്രട്ടറി എസ് പ്രശാന്തൻ, ട്രഷറർ ഐ സി ഐവർ, എറണാകുളം ജില്ലാ പ്രസിഡന്റ് എ ജെ റിജാസ് എന്നിവർ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. നിലവിൽ ഏർപ്പെടുത്തിയിരിക്കുന്ന യൂണിഫോം കളർ കോഡ് സംവിധാനം മാറ്റി പഴയതുപോലെ ആക്കാനുള്ള നീക്കം നടക്കുന്നതായിട്ടാണ് വിവരം. ഇത്തരം നീക്കത്തിൽ നിന്നും അധികൃതർ പിന്മാറണമെന്ന് അസോസിയേഷൻ ഭാരവാഹികൾ ആവശ്യപ്പെട്ടു. സ്പെഷ്യൽ പെർമിറ്റിന്റെ ഭാഗമായുള്ള സർവ്വീസ് ടാക്സ് ഈടാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് സ്വകീരിച്ചിരിക്കുന്ന അശാസ്ത്രീയമായ നടപടികൾ അവസാനിപ്പിക്കണം. ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച വാഹന ഉടമകളുടെ തലയിൽ കെട്ടിവെച്ച് രക്ഷപെടുന്ന പ്രവണത വാഹന ഉടമകളെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നതാണ്. അനാവശ്യമായി വാഹനങ്ങളെ കരിമ്പട്ടികയിൽപ്പെടുത്തി അനവസരങ്ങളിൽ സേവനങ്ങൾ തടസപ്പെടുത്തി പീഢിപ്പിക്കുന്ന നിലപാടാണ് ഉദ്യോഗസ്ഥർ സ്വകീരിക്കുന്നത് ഇത് അംഗീകരിക്കാൻ കഴിയില്ലെന്നും അസ്സോസിയേഷൻ ഭാരവാഹികൾ വ്യക്തമാക്കി. വാഹനങ്ങളിൽ ഫയർ ആന്റ് സേഫ്റ്റി ഉപകരണങ്ങൾ സ്ഥാപിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുന്നതിന് ചുരുങ്ങിയത് ആറുമാസമെങ്കിലും സമയം അനുവദിക്കണം. നിലവിൽ ആവശ്യത്തിന് ഉപകരണങ്ങൾ വിപിണയിൽ ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. ഇതു മൂലം നിലവിൽ ബാങ്കിൽ നിന്നും ലോണെത്തും പലിശയ്ക്ക് പണം കടവാങ്ങിയും പുതിയ വാഹനങ്ങൾ വാങ്ങിയിരിക്കുന്ന വാഹനങ്ങൾ രജിസ്ട്രേഷനായി കാത്തുകെട്ടികിടക്കുകയാണ്.ഇത് സാധാരണക്കാരായ വാഹന ഉടകളെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നതാണെന്നും അസോസിയേഷൻ ഭാരവാഹികൾ വ്യക്തമാക്കി. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സുകളിൽ പ്രധാന പങ്കുവഹിക്കുന്നതാണ് മോട്ടോർ വാഹന മേഖല. നിർഭാഗ്യവശാൽ ഈ മേഖലയെ കൂടുതൽ ഭാരങ്ങൾ അടിച്ചേൽപ്പിക്കുന്ന സമീപനമാണ് സർക്കാരുകൾ സ്വീകരിക്കുന്നതെന്നും ഇവർ വ്യക്തമാക്കി.

അസോസിയേഷന്റെ പ്രഥമ സംസ്ഥാന സമ്മേളം ഇന്നുമുതൽ 11 വരെ എറണാകുളം ബോൾഗാട്ടി പാലസ് കൺവെൻഷൻ സെന്ററിൽ നടക്കും. ഇന്ന് വൈകുന്നേരം നാലിന് സമ്മേളനത്തിന് തുടക്കം കുറിച്ചുകൊണ്ട് പതാക ഉയർത്തും. 10 ന് രാവിലെ 10.30 ന് സുഹൃത് ട്രേഡ് യൂണിയൻ സമ്മേളനം നടക്കും. ലോറൻസ് ബാബു( പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ, ടി ഗോപിനാഥൻ (സെക്രട്ടറി, പ്രൈവറ്റ് ബസ് ഓർഗനൈസേഷൻ), സെബാസ്റ്റ്യൻ കുറ്റിക്കാട്( ഐകെസിസിഒഎ) അനിൽ (ടോക്ക്) തുടങ്ങിയവർ പങ്കെടുക്കും. ഉച്ചകഴിഞ്ഞ് 02.30 ന് ടൂറിസം രംഗത്തെ പുത്തൻ പ്രവണതകളും വ്യവസായത്തിന്റെ നിലനിൽപ്പും എന്ന വിഷയത്തിൽ സെമിനാർ നടക്കും. കേരള ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ ആർ സി പ്രേംഭാസ്, ഡിറ്റിപിസി സെക്രട്ടറി സതീഷ് മിറിന്റ തുടങ്ങിയവർ പങ്കെടുക്കും.

3.30 ന് നടക്കുന്ന പൊതുസമ്മേളനം ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യും. പ്രസിഡന്റ് ബിനു ജോൺ അധ്യക്ഷത വഹിക്കും. ബിഒസി ഐ പ്രസിഡന്റ് പ്രസന്ന പട്ട് വർഥൻ, സെൻട്രൽ സോൺ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ അനൂപ് വർക്കി എന്നിവർ മുഖ്യ പ്രഭാഷണം നടത്തും. ബിഒസി ഐ ദേശീയ സമിതിയംഗം ബാബു പണിക്കൽ ഡോക്യുമെന്ററി പ്രകാശനം നിർവ്വഹിക്കും. ടി ജെ വിനോദ് എംഎൽഎ, കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ തുടങ്ങിയവർ സംസാരിക്കും. തുടർന്ന് ഫിനാൻസ് സ്ഥാപനങ്ങളുടെ ഇടപെടലും നിയമ പോരാട്ടവും എന്ന വിഷയത്തിൽ അഡ്വ. അനൂപ് പി എ സംസാരിക്കും. തുടർന്ന് വ്യവസായങ്ങളെ പരിചയപ്പെടുത്തൽ, കലാപരിപാടികൾ എന്നിവ നടക്കും. 11 ന് പ്രതിനിധി സമ്മേളനവും പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടക്കും.

# ആന്റിവെനം നൽകുന്ന ആശുപത്രികളുടെ പേരുകൾ പ്രസിദ്ധീകരിക്കണം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** പാമ്പ് കടിയേറ്റവരുടെ ചികിത്സയ്ക്കായുള്ള ആന്റി സ്നേക്ക് വെനം നൽകുന്ന ആശുപത്രികളുടെ പേരുകൾ പ്രസിദ്ധീകരിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ആശുപത്രികളുടെ പേരുകൾ പ്രസിദ്ധീകരിക്കണം. പാമ്പ് കടിയേറ്റാൽ വളരെപ്പെട്ടെന്ന് ആന്റീവെനം ചികിത്സ ലഭ്യമാക്കേണ്ടതുണ്ട്. അതിനാൽ പാമ്പ് കടിയേറ്റ് വരുന്നവർക്ക് അധിക ദൂരം യാത്ര ചെയ്യാതെ ആന്റിവെനം ലഭ്യമാക്കേണ്ടതുണ്ട്. താലൂക്ക് ആശുപത്രികൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിലാണ് ആന്റീവെനം ലഭ്യമാക്കിയിട്ടുള്ളത്. പരമാവധി ആശുപത്രികളിൽ ആന്റിവെനം ചികിത്സ ലഭ്യമാക്കാനുള്ള ശ്രമത്തിലാണ് ആരോഗ്യ വകുപ്പ്. മതിയായ ആന്റിവെനം ലഭ്യമാക്കാൻ കെ.എം.എസ്.സി.എൽ.ന് നിർദേശം നൽകി. മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലാണ് നിർദേശം നൽകിയത്.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ബിപിസിഎൽ സ്വച്ഛത പഖ്‌വാദ കാമ്പയിൻ സംഘടിപ്പിച്ചു

**കോഴിക്കോട്:** മഹാരത്ന സ്റ്റാറ്റസുള്ളതും ഫോർച്യൂൺ ഗ്ലോബൽ 500 കമ്പനിയുമായ ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് മൂന്നു ദിവസങ്ങളിലായി സംസ്ഥാനത്തുടനീളം സ്വച്ഛത പഖ്‌വാദ കാമ്പയിൻ സംഘടിപ്പിച്ചു. രാജ്യവ്യാപകമായി ശുചിത്വവും സുസ്ഥിര ജിവിതവും പ്രോത്സാഗഹിപ്പിക്കുന്നതിനു വേണ്ടിയാണ് ജൂൺ നാല്, അഞ്ച്, ആറ് തീയതികളിലായി സ്വച്ഛത പഖ്‌വാദ കാമ്പയിൻ നടത്തിയത്.കാമ്പയിന്റെ ഉദ്ഘാടനം കാലടി ശ്രീ ശാരദ് സൈനിക് സ്കൂളിൽ വൃക്ഷത്തൈ നട്ട് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി നിർവഹിച്ചു.വൃത്തിയും സുസ്ഥിരതയും നമ്മുടെ ദൈനംദിന ജീവിതത്തിൻറെ ഭാഗമായി നിലനിൽക്കുന്ന ഒരു രാഷ്ട്രമാണ് നമ്മുടെ പ്രധാനമന്ത്രി വിഭാവനം ചെയ്യുന്നതെന്ന് ' കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. ഈ കാമ്പയിൻ മൂലം ഉദ്ദേശിക്കുന്നത് നമ്മുടെ ചുറ്റുപാടുകൾ മാത്രം വൃത്തിയാക്കുക എന്നതു മാത്രമല്ല, മഹാത്മാ ഗാന്ധി വിശ്വസിച്ചിരുന്ന ഒരു ജീവിത രീതി സ്വീകരിക്കുക എന്നതു കൂടിയാണ്. വൃത്തിയും ശുചിത്വവും ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. ഇതാണ് നമ്മുടെ ആഘോഷത്തിൻറെ ആത്മാവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇന്ത്യാ ഗവൺമെൻറിൻറെ സ്വച്ഛത പഖ്‌വാദ സംരംഭത്തിനൊപ്പം നിന്നു കൊണ്ട് ഇന്ത്യയെ ഹരിതാഭവും വൃത്തിയും ആക്കിത്തീർക്കാൻ ബിപിസിഎൽ സ്വയം അർപ്പണം ചെയ്തിരിക്കുകയാണെന്ന് അഡ്മിൻ സർവീസസ്, ഫസിലിറ്റീസ് ആൻഡ് സിഎസ്ആർ ജനറൽ മാനേജർ രാമൻ മാലിക് പറഞ്ഞു. തൃശൂർ ജില്ലയിലെ അമ്മാടം സെൻറ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിൽ അഞ്ചിന് കാമ്പയിൻ സംഘടിപ്പിച്ചു. ആറിന് കോഴിക്കോട് സിൽവർ ഹിൽസ് പബ്ലിക് സ്കൂളിൽ കാമ്പയിന് സമാപനമായി. മുഖ്യാതിഥി സുരേഷ് ഗോപി സ്വച്ഛതാ പ്രതിജ്ഞയ്ക്ക് നേതൃത്വം നൽകി. അഞ്ഞൂറോളം വിദ്യാർഥികൾക്ക് വിത്തുകളും വൃക്ഷത്തൈകളും വിതരണം ചെയ്തു. ഹൗസ് കീപ്പിംഗ് ജീവനക്കാർക്ക് ശുചിത്വ കിറ്റുകളും വിതരണം ചെയ്തു.

# ആന്റലർ സംരംഭക റസിഡൻസി പ്രോഗ്രാമിൽ സംരംഭക നീതു മറിയം



**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷനിൽനിന്നുള്ള ആദ്യ ജെനറേറ്റീവ് എഐ വനിതാ സംരംഭകയായ നീതു മറിയം ജോയ് പ്രശസ്തമായ ആൻറലർ സംരംഭക റസിഡൻസി പരിപാടിയിൽ പങ്കെടുത്തു. പുതുതലമുറ ഇകൊമേഴ്സ് സേവനങ്ങൾക്കുള്ള സെർച്ച് എൻജിനാണ് നീതു മറിയം ജോയുടെ സംരംഭം.ഓൺലൈൻ ഷോപ്പിംഗിൽ കൂടുത വ്യക്തിപരമായ ഇടപെടലുകൾ നടത്താനും അതു വഴി കൂടുത മെച്ചപ്പെട്ട ഉപഭോക്തൃസേവനം ലഭിക്കാനും നീതുവിൻറെ ജെനറേറ്റീവ് എഐ ഉത്പന്നമായ മില വഴി സാധിക്കും.ആറ് ഭൂഖണ്ഡങ്ങളിലായി 27 സ്ഥലത്താണ് സിംഗപ്പൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ആൻറലർ റെസിഡൻസി പരിപാടി നടക്കുന്നത്. സംരംഭകാശയത്തെ ആഗോളാടിസ്ഥാനത്തിലുള്ള ഉത്പന്നമായി മാറ്റുന്നതിനു വേണ്ടി വ്യക്തിപരമായി നൽകുന്ന ആക്സിലറേറ്റർ പരിപാടിയാണിത്. ഏകാംഗ സംരംഭക സ്ഥാപകരായ 9,200 അപേക്ഷകരാണ് റസിഡൻസി പരിപാടിയ്ക്കായി അപേക്ഷിച്ചത്. അതിൽ നിന്നും തെരഞ്ഞെടുത്ത 110 സ്ഥാപകരെയാണ് റസിഡൻസി പരിപാടിയിലേക്കെത്തിയത്.വ്യക്തിപരമായും സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയ്ക്കും വലിയ പ്രചോദനമാണ് ഈ അംഗീകാരമെന്ന് നീതു മറിയം പറഞ്ഞു. മൂന്നരവർഷത്തോളം രണ്ട് അന്താരാഷ്ട്ര കമ്പനികളി എഐ ശാസ്ത്രജ്ഞയായി നീതു ജോലി ചെയ്തു. 2023 മാർച്ചിലാണ് ജോലി വിട്ട് എഐ സ്റ്റാർട്ടപ്പ് ആരംഭിച്ചത്. ആദ്യം കമ്പനികളുടെ വിശദാംശങ്ങൾ തെരയാനാണ് മില ആരംഭിച്ചതെങ്കിലും പിന്നീട് അത് ഇകൊമേഴ്സിലേക്ക് കടക്കുകയായിരുന്നു. കേരള സ്റ്റാർട്ടപ്പ് മിഷനി ഇൻകുബേറ്റ് ചെയ്ത ഈ സ്ഥാപനം 2023 സെപ്തംബറി സ്റ്റാർട്ടപ്പ് ഇന്ത്യയുടെ സീഡ് ഫണ്ട് നേടി.മികച്ച ആശയത്തെ ഒന്നുമില്ലായ്മയി നിന്ന് കമ്പനിയായി വളർത്തിയെടുക്കാനുള്ള സഹായമാണ് ആൻറലർ റെസിഡൻസി പരിപാടിയിലൂടെ നടക്കുന്നത്. ആഗോളതലത്തിലുള്ള സംരംഭക സ്ഥാപകർ, വിദഗ്ധർ, എന്നിവരുമായി ആശയവിനിമയം നടത്തുന്നതിനോടൊപ്പം, വിദഗ്ധോപദേശം, വിപുലീകരണ സഹായം, നിക്ഷേപസമാഹരണം തുടങ്ങിയവയെല്ലാം റസിഡൻസി പരിപാടിയുടെ ലക്ഷ്യമാണ്.

# ഫെഡറൽ ബാങ്കും ബജാജ് അലയൻസ് ലൈഫും ധാരണയിൽ

**കൊച്ചി:** ഇടപാടുകാർക്ക് വൈവിധ്യമാർന്ന ലൈഫ് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ബജാജ് അലയൻസ് ലൈഫുമായി ബാങ്കഷ്വറൻസ് പങ്കാളിത്തതിന് ഫെഡറൽ ബാങ്ക് ധാരണയിലെത്തി. ഈ പങ്കാളിത്തത്തിലൂടെ ഫെഡറൽ ബാങ്ക് ഇടപാടുകാർക്ക് ദീർഘകാല സാമ്പത്തിക സുരക്ഷാ ലക്ഷ്യങ്ങൾക്കനുസരിച്ചുള്ള ലൈഫ് ഇൻഷുറൻസ് പ്ലാനുകൾ തിരഞ്ഞെടുക്കാനാകുമെന്ന് ഫെഡറൽ ബാങ്ക് സീനിയർ വൈസ് പ്രസിഡന്റും കൺട്രി ഹെഡുമായ പി വി ജോയ് പറഞ്ഞു.ബജാജ് അലയൻസ് ലൈഫിന്റെ എല്ലാ ഇൻഷുറൻസ് ഉൽപ്പന്നങ്ങളും ഇന്ത്യയിലുടനീളമുള്ള ഫെഡറൽ ബാങ്ക് ശാഖകൾ വഴി ലഭിക്കും.ഫെഡറൽ ബാങ്കിന്റേയും ബജാജ് അലയൻസ് ലൈഫിന്റേയും കരുത്ത് ഒന്നിച്ചുചേരുന്ന മികച്ച സേവനമാണ് ഈ പങ്കാളിത്തത്തിലൂടെ ഇടപാടുകാർക്ക് ലഭിക്കുക. വിപണി വിപുലീകരണവും ഇൻഷുറൻസ് വ്യാപനവും ലക്ഷ്യമിടുന്ന ഇരു കമ്പനികൾക്കും ഈ സഹകരണം പ്രയോജനപ്പെടും.




ബജാജ് അലയൻസ് ലൈഫുമായുള്ള കോർപറേറ്റ് ഏജൻസി ബാങ്കഷ്വറൻസ് പങ്കാളിത്തത്തിലൂടെ ബാങ്കിന്റെ ശാഖകൾ വഴി മികച്ച ഇൻഷുറൻസ് ഉൽപ്പന്നങ്ങൾ ഏവർക്കും ലഭ്യമാക്കാനാണ് ഫെഡറൽ ബാങ്ക് ലക്ഷ്യമിടുന്നത്. ബുദ്ധിപൂർവം നിക്ഷേപിക്കാനും സാമ്പത്തിക ഭാവി സുരക്ഷിതമാക്കാനും ഇടപാടുകാർക്ക് ഇതിലൂടെ സാധിക്കുമെന്നു കരുതുന്നതായും പി വി ജോയ് പറഞ്ഞു.

ഫെഡറൽ ബാങ്കിന്റെ രാജ്യത്തുടനീളമുള്ള വിപുലമായ ശൃംഖല വഴി ഞങ്ങളുടെ സമഗ്രമായ ലൈഫ് ഇൻഷുറൻസ് പ്ലാനുകൾ കൂടുതൽ പേരിലെത്തിക്കുകയാണ് ഈ പങ്കാളിത്തത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് ബജാജ് അലയൻസ് ലൈഫ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ ധീരജ് സേഗാൾ പറഞ്ഞു.






# ബിഎസ്6 ഒബിഡി 2 ട്രക്കുകൾക്ക് മൈലേജ് ഗ്യാരൻറിയുമായി മഹീന്ദ്ര

**കൊച്ചി:** മഹീന്ദ്ര ഗ്രൂപ്പിൻറെ ഭാഗമായ മഹീന്ദ്ര ട്രക്ക് ആൻഡ് ബസ് ഡിവിഷൻ (എംടിബിഡി) കമ്പനിയുടെ ബിഎസ്6 ഒബിഡി 2 ശ്രേണിയിലുള്ള എച്ച്സിവി, എൽസിവി, ഐസിവി ട്രക്കുകളുടെ ബ്ലാസോ എക്സ്, ഫ്യൂരിയോ, ഓപ്റ്റിമോ, ജയോ മോഡലുകൾക്ക് മൈലേജ് ഗ്യാരൻറി പ്രഖ്യാപിച്ചു. ഗെറ്റ് മോർ മൈലേജ് ഓർ ഗീവ് ദ ട്രക്ക് ബാക്ക് (കൂടുതൽ മൈലേജ് നേടൂ, അല്ലെങ്കിൽ ട്രക്ക് തിരികെ നൽകൂ) എന്ന ആശയത്തിൽ വ്യവസായത്തിലെ തന്നെ ആദ്യ സംരംഭത്തിലൂടെ ഇന്ധന വില വർധനവും പുതിയ മാനദണ്ഡങ്ങളും ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ ഉപഭോക്താക്കളെ സഹായിക്കുകയാണ് മഹീന്ദ്ര ട്രക്ക് ആൻഡ് ബസ് ഡിവിഷൻറെ ലക്ഷ്യമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ഉയർന്ന മൈലേജ് ഉറപ്പാക്കുന്നതിന് 7.2ലിറ്റർ എംപവർ എഞ്ചിൻ, എംഡിഐ ടെക് എഞ്ചിൻ, ഫ്യൂവൽ സ്മാർട്ട് ടെക്നോളജി, മൈൽഡ് ഇജിആർ, അത്യാധുനിക ഐമാക്സ് ടെലിമാറ്റിക്സ് സൊല്യൂഷൻ തുടങ്ങിയ നിരവധി സാങ്കേതിക സവിശേഷതകൾ ഈ ശ്രേണിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉയർന്ന മൈലേജിന് പുറമേ ഇതിൻറെ ആഡ്ബ്ലൂ ഉപഭോഗവും കുറവാണ്.

ഈ മെച്ചപ്പെടുത്തലുകളുടെ ഫലപ്രാപ്തി ഉറപ്പാക്കാനായി മറ്റു കമ്പനികളുടെ വാഹനങ്ങളിൽ ഉൾപ്പെടെ 71 മോഡലുകളിലായി 21 ഉൽപ്പന്ന വിഭാഗങ്ങളിൽ മഹീന്ദ്ര ഇൻറൻസ് ഫ്ലൂയിഡ് എഫിഷ്യൻസി (ഡീസൽ പ്ലസ് ആഡ് ബ്ലൂ) പരിശോധന നടത്തിയിരുന്നു. ഒരു ലക്ഷം കിലോമീറ്ററിലധികം നീണ്ട ഈ പരീക്ഷണ വേളയിൽ വ്യത്യസ്തമായ ലോഡും റോഡ് സാഹചര്യങ്ങളും ഉൾപ്പെടുത്തി.ഈ വർക്ഷോപ്പിൽ 36 മണിക്കൂർ ഗ്യാരൻറീഡ് ടേൺഅഎറൗണ്ട്, ഡ്രൈവർമാർക്ക് അഞ്ച് ലക്ഷം രൂപയുടെ കാഷ്വാലിറ്റി കവറേജ്, അടിയന്തിര സാഹചര്യങ്ങളിൽ ട്രക്ക് ഡ്രൈവർമാർക്ക് ഒന്നിലധികം ഭാഷകളിൽ 24/7 പിന്തുണ തുടങ്ങി വിവിധ പദ്ധതികളിലൂടെയും മഹീന്ദ്ര ഉപഭോക്താക്കൾക്ക് സമാനതകളില്ലാത്ത ഉടമസ്ഥത അനുഭവമാണ് നൽകിയത്.മികച്ച ഹൈടെക് വൈദഗ്ധ്യം, ആഴത്തിലുള്ള ധാരണ, ഉപഭോക്താക്കളുടെ വികസിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾ എന്നിവ പ്രതിഫലിപ്പിക്കുന്ന ഒരു പ്രധാന നീക്കമാണ് ട്രക്ക് ശ്രേണിയിലുടനീളമുള്ള ഗ്യാരൻറിയെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡിൻറെ ട്രക്ക് ആൻഡ് ബസ് ഡിവിഷൻ പ്രസിഡൻറും എയ്റോസ്പേസ് ആൻഡ് ഡിഫൻസ് ബിസിനസ് സിഇയും മഹീന്ദ്ര ഗ്രൂപ്പിൻറെ ഗ്രൂപ്പ് എക്സിക്യൂട്ടീവ് ബോർഡ് അംഗവുമായ വിനോദ് സഹായ് പറഞ്ഞു.'

സ്യാദാ മൈലേജ് നഹിതോ ട്രക്ക് വാപ്പസ്' എന്ന മുദ്രാവാക്യം ഉൾക്കൊള്ളുന്ന പുതിയ മൈലേജ് ഗ്യാരണ്ടി ഞങ്ങളുടെ ഉപഭോക്താക്കൾക്ക് സമാനതകളില്ലാത്ത മൂല്യം നൽകുമെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് കൊമേഴ്സ്യൽ വെഹിക്കിൾസ് ബിസിനസ് ഹെഡ് ജലജ് ഗുപ്ത പറഞ്ഞു.

# കേന്ദ്രമന്ത്രി സുരേഷ് ഗോപിയുമായി കൂടിക്കാഴ്ച നടത്തി ഇമാക്

**കൊച്ചി:** കേരളത്തെ രാജ്യത്തെ മികച്ച ഇവൻറ് ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതിന് ആവശ്യമായ കേന്ദ്ര ഗവൺമെന്റിന്റെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യണമെന്ന് അഭ്യർത്ഥിച്ച് ഇവൻറ് മാനേജ്മെൻറ് അസോസിയേഷൻ ( ഇമാക് ) ഭാരവാഹികൾ കേന്ദ്ര ടൂറിസം പെട്രോളിയം സഹമന്ത്രി സുരേഷ് ഗോപിയുമായി കൂടിക്കാഴ്ച നടത്തി.



വിശദാംശങ്ങൾ അടങ്ങിയ പദ്ധതി രേഖ അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് രാജു കണ്ണമ്പുഴ മന്ത്രിക്ക് സമർപ്പിച്ചു. ടൂറിസം ഇൻഡസ്ട്രിയുടെ ഭാഗമായ ഇവൻറ് മേഖലയിലേക്ക് വേണ്ടുന്ന ഡെസ്റ്റിനേഷനുകളെ കൂടുതൽ പ്രാധാന്യം ചെയ്യുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കുമെന്നു മന്ത്രി അറിയിച്ചു.

അന്താരാഷ്ട്ര തലത്തിൽ നടക്കുന്ന ഇവൻറ് എക്സ്പ്ലോകളിൽ ഡെസ്റ്റിനേഷൻ വെഡിങ്, മൈസ് എന്നിവ രാജ്യത്തേക്കും കേരളത്തിലേക്കും കൊണ്ടുവരുന്നതിനും അത്തരം ഇവന്റുകളിൽ ഇന്ത്യയുടെ മികച്ച പ്രാധിനിധ്യം ഉറപ്പാക്കുന്നതുമായി സംബന്ധിച്ചും ചർച്ച ചെയ്തു.

അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് രാജു കണ്ണമ്പുഴ,ജനറൽ സെക്രട്ടറി ജിൻസി തോമസ്,ട്രഷറർ ബഹനാൻ കെ അരീക്കൽ, സിപി സാബു, ധിഷൻ അമ്മാനത്ത് എന്നിവരാണ് സന്ദർശിച്ചത്.

# ഭാരതമാത നിയമ കലാലയം ഭരണഘടനാ സാക്ഷരതാ യജ്ഞം സംഘടിപ്പിക്കുന്നു

**ആലുവ:** ചൂണ്ടി, ഭാരതമാത നിയമകലാലയം, 'നിയമസഹായ വേദി'യും, ജില്ലാ ലീഗൽ സർവ്വീസസ് അതോരിറ്റിയും സംയുക്തമായി ഇന്ന് രാവിലെ 11 ന് തൃക്കാക്കര മേരിമാത പബ്ളിക് സ്കൂളിൽ 'നിയമോദയം' 1000 സ്കൂളുകളിൽ ഭരണഘടനാ സാക്ഷരതാ യജ്ഞത്തിന്റെ ഉദ്ഘാടനം നടത്തും.എറണാകുളം എം.പി ഹൈബി ഈഡൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്യും. വിദ്യാർത്ഥികളിൽ ഭരണഘടനാ അവബോധം വളർത്തിയെടുക്കുന്നതിനും, അതിലൂടെ രാഷ്ട്ര നിർമ്മാണത്തിൽ പങ്കാളിയാകേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും വേണ്ടി നടത്തുന്ന ഈ യജ്ഞത്തിന്റെ ആദ്യഘട്ടത്തിൽ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും 100 സ്കൂളുകളെയാണ് പരിഗണിച്ചിരുന്നത്. എന്നാൽ ഈ ഘട്ടത്തിൽ അത് 1000 മാക്കി ഉയർത്തിക്കൊണ്ടാണ് ഈ ശ്രമം പൂർത്തീകരിയ്ക്കാൻ ഉദ്ദേശിക്കുന്നത്. ബിഷപ്പ് മാർ തോമസ് ചക്യത്ത് അദ്ധ്യക്ഷനാകുന്ന ചടങ്ങിൽ ഭാരതമാത സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ വടക്കുംപാടൻ പങ്കെടുക്കും.

# ഇൻഡോ ചൈനീസ് വിഭവങ്ങളുടെ രുചിമേളയൊരുക്കി ഒ ബൈ താമര

**തിരുവനന്തപുരം:** ഇൻഡോ ചൈനീസ് ഫ്യൂഷൻ രുചിക്കൂട്ടുകളുടെ ഫുഡ് ഫെസ്റ്റിവൽ ഒരുക്കി ഒ ബൈ താമര. ജൂലൈ 11 മുതൽ 14 വരെ ദിവസവും വൈകീട്ട് 7 മണി മുതൽ രാത്രി 10.30 വരെയാണ് ഫെസ്റ്റിവൽ. തനത് ഇന്ത്യൻ രുചികൾ ചൈനീസ് രുചികളുമായി സംയോജിപ്പിച്ചുകൊണ്ട് അനുഭവ സമ്പന്നരായ ഷെഫുകൾ തയ്യാറാക്കുന്ന പുത്തൻ വിഭവങ്ങൾ ഫെസ്റ്റിൽ ലഭ്യമാകും. ഡ്രാഗൺ ചിക്കൻ, ചില്ലി ഫിഷ്, പ്രോൺസ് ഇൻ ചില്ലി ഓയ്സ്റ്റർ സോസ്, തന്തൂരി മോമോസ്, പനീർ ചില്ലി മിക്സഡ് ഫ്രൈഡ് റൈസ്, ചില്ലി ഗാർളിക് നൂഡിൽസ് തുടങ്ങി രുചി മുകുളങ്ങളെ ത്രസിപ്പിക്കുന്ന നിരവധി നവീന രുചികൾ ഇൻഡോ ചൈനീസ് ഫ്യൂഷൻ ഫെസ്റ്റിവലിൽ ആസ്വദിക്കാം. ഒ ബൈ താമരയുടെ ഇന്തോ ചൈനീസ് ഫുഡ് ഫെസ്റ്റിവലിൽ പങ്കെടുക്കുന്നതിനായി മുൻകൂറായി സീറ്റ് ബുക്ക് ചെയ്യാം. മുതിർന്നവർക്ക് 1799 രൂപയും 6 മുതൽ 12 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് 1100 രൂപയുമാണ് നിരക്ക്.

# ടാറ്റ പഞ്ച്, നെക്സോൺ എന്നിവയ്ക്ക് ഫൈവ് സ്റ്റാർ സുരക്ഷാ റേറ്റിംഗ്

**കൊച്ചി:** ടാറ്റാ മോട്ടോഴ്സിന്റെ സഹസ്ഥാപനവും ഇലക്ട്രോണിക് വാഹന വിപ്ലവത്തിന്റെ മുൻനിരക്കാരുമായ ടാറ്റാ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡ് (ഠജഋങ) ന്റെ എസ് യു വി കളായ പഞ്ച്, നെക്സോൺ എന്നിവയ്ക്ക് ഭാരത് ചഇഅജ യുടെ ഫൈവ് സ്റ്റാർ സുരക്ഷാ റേറ്റിംഗ്. ഇതിൽ പഞ്ച് ഇ വി എല്ലാ ഇന്ത്യൻ വാഹനങ്ങളേക്കാളും ഉയർന്ന റേറ്റിംഗ് സ്വന്തമാക്കി. ഇതോടെ ടാറ്റയുടെ എല്ലാ ഇലക്ട്രിക് എസ് യു വി കൾക്കും ഭാരത് ചഇഅജ യുടെ ഫൈവ് സ്റ്റാർ പദവി ലഭിച്ചതായി കമ്പനി അധികൃതർ വ്യക്തമാക്കി.

# മണ്ണൂരിലെ ഇസാഫ് ബാങ്ക് ശാഖ പുതിയ കെട്ടിടത്തിൽ



**പെരുമ്പാവൂർ:** തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ മാറ്റിസ്ഥാപിച്ച ശാഖയുടെ ഉദ്ഘാടനം മണ്ണൂരിൽ സബൈൻ ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ എംഡി ഡോ. സബൈൻ ശിവദാസൻ നിർവഹിച്ചു. ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ പോൾ തോമസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ എംഎൽഎ ബാബു പോൾ ബാങ്കിന്റെ എടിഎം കൗണ്ടർ ഉദ്ഘാടനം ചെയ്തു.രായമംഗലം പഞ്ചായത്തംഗം ജോയ് പതിക്കൽ, സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് വികാരി ഫാദർ ഷിജു മാത്യു, ഇസാഫ് സ്വാശ്രയ മൾട്ടി സ്റ്റേറ്റ് അഗ്രോ കോഓപ്പറേറ്റീവ് സൊസൈറ്റി ചെയർമാൻ സെലീന ജോർജ്, ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സുദേവ് കുമാർ വി, ബ്രാഞ്ച് ബാങ്കിങ് ഹെഡ് രജീഷ് കളപ്പുരയിൽ, മാർക്കറ്റിംഗ് ഹെഡ് ശ്രീകാന്ത് സി കെ, ക്ലസ്റ്റർ ഹെഡ് രാജേഷ് എം എന്നിവർ സംസാരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ഹോണ്ട ഇന്ത്യ ടാലൻറ് കപ്പ്: രണ്ടാം റൗണ്ടിൽ മൊഹ്സിൻ പറമ്പന് ഇരട്ട വിജയം

**കൊച്ചി:** ചെന്നൈയിലെ മദ്രാസ് ഇൻറർനാഷണൽ സർക്യൂട്ടിൽ നടന്ന 2024 ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലൻറ് കപ്പിൻറെ രണ്ടാം റൗണ്ടിൽ മലയാളി താരം മൊഹ്സിൻ പറമ്പന് ഇരട്ട വിജയം. ആദ്യ റേസിലെ വിജയം നൽകിയ ആത്മവിശ്വാസവുമായി ട്രാക്കിലിറങ്ങിയ മൊഹ്സിൻ എൻഎസ്എഫ്250ആർ വിഭാഗം രണ്ടാം റേസിലും തൻറെ അപ്രമാദിത്യം തുടർന്ന് ഒന്നാം സ്ഥാനം നേടി. സാവിയോൻ സാബു രണ്ടാം സ്ഥാനത്തും, എ.എസ് ജെയിംസ് മൂന്നാം സ്ഥാനത്തും ഫിനിഷ് ചെയ്തു. എട്ട് ലാപ്പ് റേസിലുടനീളം പ്രകടന മികവ് തുടർന്ന് മലപ്പുറം സ്വദേശിയായ 22കാരൻ 15:07.015 സമയത്തിലാണ് റേസ് പൂർത്തിയാക്കിയത്. 1:52.236 എന്ന മികച്ച ലാപ്പ് സമയവും മൊഹ്സിൻ കുറിച്ചു.

ഇഞ്ചോടിഞ്ച് പോരാട്ടമായിരുന്നു രണ്ടാം സ്ഥാനത്തിന്. മുൻ റേസുകളിൽ തിളങ്ങിയ എ.എസ് ജെയിംസിനെ മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളി യുവറൈഡർ സാവിയോൻ സാബു 15:10.965 സമയത്തിൽ റേസ് പൂർത്തിയാക്കി രണ്ടാം സ്ഥാനത്തെത്തി. കാലിനേറ്റ പരിക്ക് വകവയ്ക്കാതെ ട്രാക്കിൽ തുടർന്ന എ.എസ് ജെയിംസ് 15:15.953 സമയത്തിലാണ് ഫിനിഷിങ് ലൈൻ മറികടന്നത്. കൂട്ടിയിടി കാരണം ഹൈദരാബാദിൽ നിന്നുള്ള ബീദാനി രാജേന്ദറിനും സ്റ്റീവ് വോ സുഗിക്കും മത്സരം പൂർത്തിയാക്കാൻ കഴിഞ്ഞില്ല.ആകെ അഞ്ച് റൗണ്ടുകളാണ് 2024 ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലൻറ് കപ്പിലുള്ളത്. ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ചെന്നൈ മദ്രാസ് ഇൻറർനാഷണൽ സർക്യൂട്ടിൽ തന്നെയായിരിക്കും മറ്റു റൗണ്ടുകളും അരങ്ങേറുക.

# പത്തനംതിട്ട മെഡിക്കൽ കോളേജിൽ ഓഗസ്റ്റിൽ പോസ്റ്റ്മോർട്ടം ആരംഭിക്കും: മന്ത്രി

**പത്തനംതിട്ട:** കോന്നി മെഡിക്കൽ കോളേജിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകി. സിവിൽ ജോലികൾ പൂർത്തിയായാൽ ഉടൻ പോസ്റ്റ്മോർട്ടത്തിനുള്ള സംവിധാനം കെ.എം.എസ്.സി.എൽ. ഇൻസ്റ്റാൾ ചെയ്യുന്നതാണ്.
ഓഗസ്റ്റ് മാസത്തിൽ പോസ്റ്റ്മോർട്ടം ആരംഭിക്കാൻ നിർദേശം നൽകി. കോളേജ് കെട്ടിടം, ക്വാർട്ടേഴ്സുകൾ, ലക്ഷ്യ ലേബർ റൂം എന്നിവ സെപ്റ്റംബറോടെ പൂർത്തിയാകും. നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷത്തോടെ പൂർത്തിയാക്കാനും മന്ത്രി നിർദേശം നൽകി.
മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താൻ ചേർന്ന യോഗത്തിലാണ് മന്ത്രി നിർദേശം നൽകിയത്.

കോന്നി മെഡിക്കൽ കോളേജിനായി സൃഷ്ടിച്ച തസ്തികകളിൽ ഉടൻ നിയമനം പൂർത്തിയാക്കാൻ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി. ആംബുലൻസ് സേവനം ഉറപ്പാക്കണം. എക്സ്റേയുടെയും സിടി സ്കാനിംഗിന്റേയും പ്രവർത്തന സമയം വർധിപ്പിക്കണം. അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം.

മോഡ്യുലാർ ഓപ്പറേഷൻ തീയറ്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ജീവനക്കാർ യഥാസമയം ജോലിക്ക് വരുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം. മെഡിക്കൽ കോളേജിന്റെ വികസനത്തിനായി കൂടുതൽ സ്ഥലം ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കണം. മെഡിക്കൽ കോളേജിലേക്ക് കൂടുതൽ യാത്രാസൗകര്യം ഒരുക്കാനും മന്ത്രി നിർദേശം നൽകി.

കെ.യു. ജനീഷ് കുമാർ എംഎൽഎ, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ജില്ലാ കളക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ, മറ്റ് ഉദ്യോഗസ്ഥർ, നിർമ്മാണ കമ്പനി പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# ആറളം പുനരധിവാസ ഭൂമി: താമസിക്കാത്ത 307 പേരുടെ കൈവശരേഖ റദ്ദ് ചെയ്യാൻ ഉത്തരവ്

**കണ്ണൂർ:** ആറളം പുനരധിവാസ മേഖലയിൽ കൈവശരേഖ അനുവദിച്ചിട്ടും ഭൂമിയിൽ താമസിക്കാത്തവരുടെ കൈവശരേഖ റദ്ദ് ചെയ്യുന്നതിനായി സർക്കാർ ഉത്തരവായി.

താമസമാക്കത്തക്കവർക്ക് നേരത്തെ നോട്ടീസ് നൽകിയിരുന്നു. ഇതിൽ വ്യക്തമായ മറുപടി നൽകാത്ത 303 പേരുടെ ഭൂമി റദ്ദു ചെയ്യുന്നതിനായി കണ്ണൂർ ഐ ടി ഡി പി പ്രോജക്ട് ഓഫീസർ ശുപാർശ ചെയ്തിരുന്നു. നാലുപേർ ആറളം ഫാം പട്ടയം തിരിച്ചേൽപ്പിച്ചിരുന്നു. ഇവരുടെ കൈവശ രേഖയും റദ്ദു ചെയ്യുന്നതിനായി പ്രൊജക്ട് ഓഫീസർ ശുപാർശ നൽകിയിരുന്നു.

കൈവശരേഖ റദ്ദ് ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ കൈവശരേഖ റദ്ദു ചെയ്യുന്നതിന് ശുപാർശ ചെയ്യപ്പെട്ട ഗുണഭോക്താക്കൾ ജൂലൈ അഞ്ച് മുതൽ 30 ദിവസത്തിനകം ജില്ലാ കളക്ടർ മുമ്പാകെ നേരിട്ട് ബോധിപ്പിക്കണം. അല്ലാത്ത പക്ഷം ഇനിയൊരു അറിയിപ്പില്ലാതെ കൈവശരേഖകൾ റദ്ദ് ചെയ്യുമെന്ന് ജില്ലാ കളക്ടർ അരുൺ കെ വിജയൻ ഉത്തരവായി.കൈവശരേഖ റദ്ദ് ചെയ്യുന്ന ഗുണഭോക്താക്കളിൽ നിന്നും അസ്സൽ കൈവശരേഖ, സ്കെച്ച്, മഹസ്സർ എന്നിവ കണ്ണൂർ ഐ ടി ഡി പി പ്രോജക്ട് ഓഫീസർ അടിയന്തിരമായി തിരികെ വാങ്ങി ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കണമെന്നും ഉത്തരവിൽ നിർദേശിച്ചു.

# സോൾവ് ഫോർ ടുമാറോ; 100 ടീമുകളുടെ ആദ്യ ചുരുക്കപ്പട്ടിക വെളിപ്പെടുത്തി സാംസങ്ങ് ഇന്ത്യ

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും പ്രമുഖ ഉപഭോക്തൃ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ്ങ് അതിന്റെ സിഎസ്ആർ പ്രവർത്തനമായ 'സോൾവ് ഫോർ ടുമാറോ' യിൽ 100 ടീമുകളുടെ ചുരുക്കപ്പട്ടിക പ്രഖ്യാപിച്ചു. സ്കൂൾ, യൂത്ത് ട്രാക്കുകളിലായുള്ള 50 ടീമുകൾ വീതം ഈ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്നു. ഈ ടീമുകൾ ഇനി ദേശീയ വിദ്യാഭ്യാസ, നവീനതാ മത്സരങ്ങളിൽ മാറ്റുരയ്ക്കും. 100 ടീമുകളെ പ്രതിനിധാനം ചെയ്തു കൊണ്ട് പങ്കെടുക്കുന്ന മൊത്തം 232 മത്സരാർത്ഥികൾ 'സോൾവ് ഫോർ ടുമാറോ' മത്സരത്തിന്റെ അടുത്ത ഘട്ടത്തിനു വേണ്ടി ഇനി തയാറെടുക്കുകയാണ്. ഈ ഘട്ടത്തിൽ അവർക്ക് പ്രസന്റേഷനുകളും അതോടൊപ്പം വിദഗ്ധരുടെ പരിശീലനവും മെന്ററിങ്ങും വഴി ഫലപ്രദമായ ആശയ വിനിമയ നൈപുണ്യവും ലഭ്യമാക്കും. ജൂലൈ മധ്യത്തിൽ ആരംഭിക്കാൻ പോകുന്ന പ്രാദേശിക റൗണ്ടുകൾക്കായി തയാറെടുക്കുവാൻ ഇത് അവരെ സഹായിക്കും. 1417 പ്രായഗണത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ളതാണ് സ്കൂൾ ട്രാക്ക്. സമൂഹവും എല്ലാവരേയും ഉൾക്കൊള്ളലും എന്ന വിഷയത്തിലാണ് ഇവിടെ ശ്രദ്ധയൂന്നുന്നത്. ഇതിൽ ജയിക്കുന്ന ടീമിനെ 'സോൾവ് ഫോർ ടുമാറോ' 2024ലെ 'കമ്മ്യൂണിറ്റി ചാമ്പ്യൻ" ആയി പ്രഖ്യാപിക്കുകയും അവർക്ക് പ്രോട്ടോടൈപ്പ് മെച്ചപ്പെടുത്തുന്നതിനായി 25 ലക്ഷം രൂപ സീഡ് ഗ്രാന്റ് ലഭിക്കുകയും ചെയ്യും. വിജയിക്കുന്ന ടീമിന്റെ സ്കൂളുകൾക്ക് വിദ്യാഭ്യാസ വാഗ്ദാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായും അതുവഴി പ്രശ്ന പരിഹാര മനസ്സ് പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി സാംസങ്ങ് ഉൽപ്പന്നങ്ങൾ ലഭിക്കും. 1822 പ്രായഗണത്തിലുള്ള യുവാക്കളേയാണ് യൂത്ത് ട്രാക്ക് ലക്ഷ്യം വയ്ക്കുന്നത്. 'പരിസ്ഥിതിയും സുസ്ഥിരതയും" എന്ന വിഷയത്തിലാണ് ഇവിടെ ശ്രദ്ധയൂന്നുന്നത്. വിജയിക്കുന്ന ടീമിനെ 'സോൾവ് ഫോർ ടുമാറോ' 2024ലെ 'എൻവയണ്മെന്റ് ചാമ്പ്യൻ" ആയി പ്രഖ്യാപിക്കുകയും അവർക്ക് ഐ ഐ ടി ഡൽഹിയിൽ ഇൻക്യുബേഷനു വേണ്ടി 50 ലക്ഷം രൂപ ഗ്രാന്റും ലഭിക്കും.

# സംസ്കൃത സർവ്വകലാശാലയിൽ സ്പോട്ട് അഡ്മിഷൻ 10ന്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിലെയും പ്രാദേശിക ക്യാമ്പസുകളിലെയും വിവിധ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. യോഗ്യരായ വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം കാലടി മുഖ്യ ക്യാമ്പസിലും പ്രാദേശിക ക്യാമ്പസുകളിലും ജൂലൈ 10ന് രാവിലെ 10.30ന് നേരിട്ടെത്തി പ്രവേശന നടപടികൾ പൂർത്തിയാക്കണമെന്ന് സർവ്വകലാശാല അറിയിച്ചു. ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ അവർ തെരെഞ്ഞെടുക്കുന്ന വിഷയം മുഖ്യവിഷയമായി ബിരുദ തലത്തിൽ പഠിച്ചിട്ടില്ലെങ്കിൽ സർവ്വകലാശാല നടത്തുന്ന യോഗ്യത പരീക്ഷയിൽ പ്രവേശനത്തിന് മുമ്പായി പങ്കെടുക്കേണ്ടതാണ്. ഒഴിവുകൾ സംബന്ധിച്ച വിശദവിവരങ്ങൾക്ക് ०००.ൌൈ.മര.ശി സന്ദർശിക്കുക.

# കുസാറ്റ്: സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശലയിലെ അപ്ലൈഡ് കെമിസ്ട്രി സയൻസ് എം.എസ്.സി കെമിസ്ട്രി പ്രോഗ്രാമിൽ ഒഴിവുള്ള 11 സീറ്റുകളിലേക്കായി ജൂലൈ 12 ന് സ്പോട്ട് അഡ്മിഷൻ നടത്തും. കുസാറ്റിൻറെ ക്യാറ്റ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ ഉച്ചയ്ക്ക് 1:30 മുതൽ 2.30 വരെ കുസാറ്റ് അപ്ലൈഡ് കെമിസ്ട്രി വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in , എന്ന സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശലയിലെ അറ്റ്മോസ്ഫിയറിക് സയൻസ് വകുപ്പിൽ എം.എസ്.സി മീറ്റിയറോളജി പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ജൂലൈ 10 ന് രണ്ടാം ഘട്ട സ്പോട്ട് അഡ്മിഷൻ നടത്തും. കുസാറ്റിൻറെ ക്യാറ്റ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 11:00 ന് കുസാറ്റ് ലേക്ക് സൈഡ് ക്യാമ്പസിലെ അറ്റ്മോസ്ഫിയറിക് സയൻസ് വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in , എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 0484286 3804 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശലയിലെ ഹിന്ദി വകുപ്പിൽ എം.എ ഹിന്ദി പ്രോഗ്രാമിൽ ഒഴിവുള്ള 6 സീറ്റുകളിലേക്കായി ജൂലൈ 11 ന് രണ്ടാം ഘട്ട സ്പോട്ട് അഡ്മിഷൻ നടത്തും. കുസാറ്റിൻറെ ക്യാറ്റ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 10:00 ന് മുമ്പ് ഹിന്ദി വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in , എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ hodhindi@cusat.ac.in എന്ന മെയിലിലോ 9446428447, 9895664682, 0484286 2500 എന്ന നമ്പറുകളിലോ ബന്ധപ്പെടുക .

# പൊതുസേവനങ്ങളിലെ നിർമ്മിത ബുദ്ധി; സാധ്യതകളിലേക്ക് വിരൽ ചൂണ്ടാൻ ജെൻ എഐ കോൺക്ലേവ്

**കൊച്ചി:** സാങ്കേതികാധിഷ്ഠിത സംരംഭങ്ങളുടെ ആഗോള മേഖലയായി അവതരിപ്പിക്കാനുള്ള കേരളത്തിൻറെ ശ്രമങ്ങൾക്ക് ശക്തിപകരാനായി ജെനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോൺക്ലേവ്(ജെൻ എഐ) ജൂലായ് 11,12 തിയതികളിൽ കൊച്ചിയിൽ നടക്കും. വിവിധ പൊതുസേവനങ്ങൾ സുതാര്യവും കുറ്റമറ്റതും കാര്യക്ഷമമവുമാക്കുന്നതിന്

നൂതനസാങ്കേതികവിദ്യകളെ എങ്ങിനെ പ്രയോജനപ്പെടുത്താമെന്നതിൻറെ പദ്ധതിരേഖയുംഈ സമ്മേളനത്തിൽ രൂപപ്പെടുത്തും.രാജ്യത്തെ ആദ്യ ജെൻ എഐ കോൺക്ലേവാണ് കൊച്ചിയിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നത്. സംസ്ഥാന സർക്കാർ ഐബിഎമ്മുമായി ചേർന്ന് സംഘടിപ്പിക്കുന്ന കോൺക്ലേവ് ബോൾഗാട്ടിയിലെ ഗ്രാൻറ് ഹയാത്ത് ഇൻറർനാഷണൽ കൺവെൻഷൻ സെൻററിലാണ് നടക്കുന്നത്. സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ നയങ്ങൾ കൊണ്ട് വിജ്ഞാനാധിഷ്ഠിത സമൂഹവും സമ്പദ് വ്യവസ്ഥയുമായി മാറാനുള്ള ശരിയായ ദിശയിലുള്ളകേരളത്തിൻറെ ശ്രമങ്ങൾ ദ്രുതഗതിയിൽ നടക്കുന്ന സമയത്താണ് ഈ സമ്മേളനം നടക്കുന്നതെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. ജെൻ എഐ മേഖലയിൽ നിന്നുള്ള അന്താരാഷ്ട്ര വിദഗ്ധർ അടക്കം സമ്മേളനത്തിനായി കേരളത്തിലേക്കെത്തുന്നത് ഈ സമ്മേളനത്തെ വ്യത്യസ്തമാക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.എഐ, റോബോട്ടിക്സ് എന്നിവയ്ക്ക് വ്യക്തമായ കാഴ്ചപ്പാടോടെ സവിശേഷമായ പ്രാധാന്യമാണ് സംസ്ഥാന സർക്കാർ നൽകി വരുന്നത്. സാങ്കേതികാധിഷ്ഠിതമായ സംരംഭങ്ങളും നൂതനത്വത്തിൽ അടിസ്ഥാനമാക്കിയ സ്റ്റാർട്ടപ്പുകളും അടങ്ങുന്ന ആവാസവ്യവസ്ഥയെ സർക്കാർ പരിപോഷിപ്പിച്ചു വരുന്നു. പൊതുസേവനങ്ങളിൽ നൂതനസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിലൂടെ സുതാര്യതയും കാര്യക്ഷമതയും വർധിക്കുന്നു. അതിലൂടെ ലോകത്ത് നടന്നുകൊണ്ടിരിക്കുന്ന സമൂലമായ മാറ്റത്തിൻറെ ഗുണങ്ങൾ ഇവിടെയും ലഭിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.ഇൻഡസ്ട്രി 4.0 ലേക്ക് കേരളത്തെ മികച്ച രീതിയിൽ എത്തിക്കാനുള്ള ശ്രമത്തിൻറെ ഭാഗമാണ് ജെൻ എഐ കോൺക്ലേവ്. വ്യവസായപ്രമുഖർ, നയരൂപകർത്താക്കൾ, ഐബിമ്മിന്റെഉപഭോക്താക്കൾ, പങ്കാളികൾ, സ്റ്റാർട്ടപ്പ് സ്ഥാപകർ, തുടങ്ങി വിവിധ മേഖലയിൽ നിന്നുമുള്ള പ്രതിനിധികൾ ഇതിൽ പങ്കെടുക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.ആയിരത്തോളം പ്രതിനിധികളാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. രാജ്യത്തെനിർമ്മിത ബുദ്ധി മേഖലയിൽ ഗുണപരമായ വ്യതിയാനം ഉണ്ടാക്കാൻ ഈ സമ്മേളനത്തിൽആശയസംവാദത്തിലൂടെ സാധിക്കും.അവതരണങ്ങൾ, പാനൽ ചർച്ചകൾ, ആശയവിനിമയ സെഷനുകൾ എന്നിവയ്ക്കു പുറമെഇനോവേറ്റീവ് ഡെവലപ്പർ പ്ലേ ഗ്രൗണ്ട് എന്ന സംവിധാനത്തിലൂടെ എഐ നേരിട്ട് അനുഭവിച്ചറിയാനുള്ള സൗകര്യവും കോൺക്ലേവിൽ ഒരുക്കും. കോൺക്ലേവിന് മുന്നോടിയായി ഐബിഎമ്മിൻറെ വാട്സൺ എക്സ് പ്ലാറ്റ്ഫോമിലൂടെ രണ്ട് ഹാക്കത്തോണും നടക്കുന്നുണ്ട്. സർവകലാശാലാ വിദ്യാർത്ഥികൾക്കും പ്രാദേശിക സ്റ്റാർട്ടപ്പുകൾക്കുമാണ് ഹാക്കത്തോൺ നടത്തുന്നത്. മികച്ച പ്രതികരണമാണ് ഐടി ആവാസ വ്യവസ്ഥയിൽ നിന്ന് ഈ ഹാക്കത്തോണുകൾക്ക് ലഭിച്ചത്.

# വിലക്കയറ്റം: ഇന്ന് കെ.എച്ച്.ആർ.എ.യുടെ പ്രതിഷേധ മാർച്ച്

കൊച്ചി: പച്ചക്കറി, മത്സ്യം, മാംസം അടക്കമുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിൽ പ്രതിഷേധിച്ച് കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ ഇന്ന് എറണാകുളം ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ കളക്ട്രേറ്റിന് മുന്നിൽ പ്രതിഷേധമാർച്ചും ധർണ്ണയും നടത്തും. സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്യും. നിത്യോപയോഗസാധനങ്ങൾക്ക് യാതൊരു നിയന്ത്രണവും ഇല്ലാതെയാണ് വില ഉയരുന്നത്. വിലക്കയറ്റംമൂലം പ്രവർത്തനചെലവുപോലും ലഭിക്കാതെ ഹോട്ടലുകൾ ബുദ്ധിമുട്ടുകയാണ്.

അടിയന്തിരമായി സർക്കാർ വിപണിയിലിടപെട്ട് വിലക്കയറ്റം പിടിച്ചുനിർത്തണമെന്നും ജി.എസ്.ടി.യിലെ അപാകതകൾ പരിഹരിക്കണമെന്നും ജില്ലാപ്രസിഡന്റ് ടി. ജെ. മനോഹരനും, ജില്ലാ സെക്രട്ടറി കെ. ടി. റഹിമും ആവശ്യപ്പെട്ടു. ജി.എസ്.ടിയുടെ പേരിലുള്ള ഉദ്യോഗസ്ഥ പീഢനം അവസാനിപ്പിക്കണം. പി.സി.ബി.യുടെ എൻ.ഒ.സി. ഇല്ലാത്തതിന്റെ പേരിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഹോട്ടലുകൾക്ക് ലൈസൻസ് പുതുക്കി നൽകുന്നതുമില്ല. ഇല്ലാത്ത അധികാരമുപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത് ഉദ്യോഗസ്ഥർ ഹോട്ടലുകളിൽ പരിശോധന നടത്തി യാതൊരു ശാസ്ത്രീയ പരിശോധനകളും നടത്താതെ പഴകിയഭക്ഷണമെന്നാരോപിച്ച് പ്രദർശിപ്പിക്കുന്നത് ഒരു വ്യവസായമേഖലയെ തകർക്കുന്നതാണ്. ഇക്കാര്യങ്ങൾക്കെല്ലാം പരിഹാരം ആവശ്യപ്പെട്ട് കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാനത്തുടനീളം നടത്തുന്ന സമരപരിപാടികളുടെ ഭാഗമായിട്ടാണ് എറണാകുളത്ത് കളക്ട്രേറ്റ് മാർച്ചും ധർണ്ണയും നടത്തുന്നതെന്നും ഇവർ വ്യക്തമാക്കി.

# കൊച്ചിയിൽ ജെൻ എഐ ഇന്നോവേഷൻ സെന്റർ ആരംഭിക്കുവാൻ ഐബിഎം



**കൊച്ചി:** കൊച്ചിയിൽ ജെൻ എഐ ഇന്നോവേഷൻ സെന്റർ പ്രഖ്യാപിച്ച് ഐബിഎം. ജെനറേറ്റീവ് എഐ സാധ്യതകളെ കൂടുതൽ അറിയുവാനും, ഉപയോഗപ്പെടുത്തുവാനും, മേഖലയിലെ പര്യേവക്ഷണങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും സ്റ്റാർട്ട് അപ്പുകൾക്കും പങ്കാളികൾക്കും ഇതിലൂടെ സാധ്യമാകും. പ്രാരംഭ പരീക്ഷണ ഘട്ടത്തിൽ നിന്നും, ബിസിനസ് മൂല്യ വർധനയ്ക്കായി എഐ വിന്യസിക്കുന്ന ഘട്ടത്തിലേക്ക് മാറിക്കൊണ്ടിരിക്കേ, ഇതേക്കുറിച്ചുള്ള പരിമിതമായ അറിവും വൈദഗ്ധ്യവും കാരണം പലപ്പോഴും എഐ പ്രൊജക്ടുകൾ കൂടുതൽ സങ്കീർണവും പ്രയാസകരവുമായി സ്ഥാപനങ്ങൾക്ക് അനുഭവപ്പെടാറുണ്ട്. ഈ പ്രതിസന്ധിയെ മറികടക്കുന്നതിനായി ജെൻ എഐ ഇന്നോവേഷൻ സെന്ററിലൂടെ കമ്പനികൾക്ക് ഐബിഎമ്മിലെ വിദഗ്ധരുടെ സേവന സഹായവും, സാങ്കേതിക വിദ്യകളും വാഗ്ദാനം ചെയ്യുന്നു. ഇതിലൂടെ എന്റർ പ്രൈസ് ഗ്രേഡ് എഐ ബിൽഡ് ചെയ്യുവാനും വ്യാപിപ്പിക്കുവാനും അതിലേക്കുള്ള മാറ്റം ത്വരിതപ്പെടുത്തുവാനും സാധിക്കുമെന്ന് ഐബിഎം സോഫ്റ്റ്വെയർ സീനിയർ വൈസ് പ്രസിഡന്റ്, പ്രൊഡക്ട്സ്, ദിനേഷ് നിർമൽ പറഞ്ഞു.

ക്ലയിന്റുകളുടെ സ്വന്തം ഡാറ്റയുമായി ലാർജ് ലാംഗ്വേജ് മോഡലുകൾ മെച്ചപ്പെടുത്തുന്നതിനായി ഐബിഎമ്മും റെഡ് ഹാറ്റും സംയുക്തമായി വികസിപ്പിച്ച പുതിയ സാങ്കേതികവിദ്യയായ കിസ്റ്റ്രൗരഘേമയ ലാണ് സെന്റർ തയ്യാറാക്കിയിരിക്കുന്നത്. ഒപ്പം ഐബിഎം ംമഭീഃ എഐയും ഡാറ്റ പ്ലാറ്റ്ഫോമിന്റേയും എഐ അസിസ്റ്റന്റ് ടെക്നോളജീസിന്റേയും ഗുണഫലങ്ങളുമുണ്ടാകും. എൽഎൽഎമ്മുകളെക്കുറിച്ച് വിശദമായി മനസ്സിലാക്കുവാനും, ഐബിഎമ്മുമായി പങ്കാളിത്തത്തിലേർപ്പെടുവാനും ക്ലയിന്റ്സിന് സാധിക്കും. ഇതിലൂടെ അവരുടെ എന്റർപ്രൈസ് യൂസ് കേസുകൾക്കായി അവരുടെ സ്വന്തം പരിശീലനം ലഭിച്ച, മികച്ച രീതിയിൽ ക്രമീകരിക്കപ്പെട്ട, നിയന്ത്രിക്കപ്പെട്ട മോഡലുകൾ വിന്യസിക്കുവാനും സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

